# ഇന്ത്യയും, ലങ്കയും പിന്നെ കോമൺവെൽത്തും



ലേഖനം | ടി.എ. അരുണാനന്ദ്.

'നിങ്ങളുടെ അയൽവാസി സ്വാഭാവികമായും നിങ്ങളുടെ ശത്രുവായിരിക്കും' — രാജ്യശാസ്ത്രത്തിന്റെ കുലപതിയായ ചാണക്യൻ തന്റെ 'ചാണക്യനീതി' എന്ന പുസ്തകത്തിൽ പറയുന്ന വാക്കുകളാണിവ. ഇന്ത്യയുടെ ഇന്നത്തെ അവസ്ഥയിൽ ഏറ്റവും അനുയോജ്യമായ വാക്കുകളാണിവ. ദൂരെയുള്ള പല വൻ ശക്തികളുമായും നമ്മൾ സൗഹൃദത്തിലാണെങ്കിലും, അടുത്തു കിടക്കുന്ന ചെറുരാഷ്ട്രങ്ങളോടുപോലും ഊഷ്മളമായ സൗഹൃദം സൂക്ഷിക്കുവാൻ പലപ്പോഴും നമുക്ക് കഴിയുന്നില്ല; പാകിസ്ഥാനും, ചൈനയും തന്നെ ഉദാഹരണം. ഇക്കൂട്ടത്തിലാണ് ഇപ്പോൾ നമ്മുടെ തെക്കുഭാഗത്തു കിടക്കുന്ന ശ്രീലങ്കയെന്ന കൊച്ചു ദ്വീപുരാജ്യത്തിന്റെയും സ്ഥാനം.

ശ്രീലങ്കയുമായുള്ള ഇന്ത്യയുടെ ബന്ധങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട് — പൗരാണികമായും, ചരിത്രപരമായും. പക്ഷേ, വ്യാപാര-വൈജ്ഞാനിക-സാമ്പത്തിക രംഗങ്ങളിലെ ഈ ബന്ധം കഴിഞ്ഞ കുറേ വർഷങ്ങളായി അത്ര ശക്തമല്ല എന്നത് പരക്കെ അംഗീകരിക്കപ്പെട്ട സത്യമാണ്. ശ്രീലങ്കയിൽ നടക്കുന്ന 'തമിഴ്‌വേട്ട'യ്ക്കെതിരെ ഇന്ത്യ, ഐക്യരാഷ്ട്രസഭയിൽ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ പിന്താങ്ങിയതു മുതൽ ഒരു ഉരസൽ ഉടലെടുത്തു. ഈ പ്രശ്നത്തിന്റെ ഊഷ്മാവ് അടുത്തകാലത്തായി കൂടുകയാണുണ്ടായത്. ഇതിനു പിന്നിൽ പ്രധാനമായത് തമിഴ്‌നാട്ടിലെ രാഷ്ട്രീയകക്ഷികളുടെ നിലപാടുകളും, കടുംപിടുത്തവുമാണ്. ഇന്ത്യ യു.എന്നിൽ ശ്രീലങ്കക്കെതിരെ വോട്ടുചെയ്തെങ്കിലും പ്രമേയത്തിന് ശക്തിപോരാ എന്ന് ആരോപിച്ചായിരുന്നു രണ്ടാം-യു.പി.എ സർക്കാരിൽ നിന്നും ഡി.എം.കെ പുറത്തുപോയതുപോലും.

ഈ സാഹചര്യത്തിന് ഇപ്പോൾ ചൂടുപിടിച്ചിരിക്കുന്നത് ഈ മാസം 15 മുതൽ 17 വരെ ശ്രീലങ്കയിൽ വച്ച് നടക്കുന്ന കോമൺവെൽത്ത് സമ്മേളനത്തെ സംബന്ധിച്ചാണ്. 'ചോഗം' (CHOGM – കോമൺവെൽത്ത് ഹെഡ്സ് ഓഫ് ഗവൺമെന്റ് മീറ്റിംഗ്) എന്ന ഈ സമ്മേളനത്തിൽ ഇന്ത്യ പങ്കെടുക്കരുതെന്നാണ് തമിഴ്നാട് നിയമസഭ പ്രമേയം പാസ്സാക്കിയത്. ഡി.എം.കെ അടക്കമുള്ള രാഷ്ട്രീയ കക്ഷികളും, പുതുച്ചേരി മുഖ്യമന്ത്രിയും ഇക്കാര്യം തന്നെ ശക്തമായി ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ ആവശ്യം നിരാകരിച്ചാൽ വരുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ തിരിച്ചടി നേരിടേണ്ടി വരും എന്നാണ് യു.പി.എ സർക്കാരിനെയും, പ്രത്യേകിച്ചും കോൺഗ്രസ്സിനെയും ഭീതിയിലാഴ്ത്തുന്നു. നിരവധി രാഷ്ട്രീയ പ്രശ്നങ്ങളാൽ വീർപ്പുമുട്ടിനിൽക്കുന്ന കേന്ദ്രസർക്കാരിന് ഈ ഭീഷണി കണ്ടില്ലെന്ന് നടിക്കാൻ പറ്റാത്ത അവസ്ഥയുമാണ്. ചോഗത്തിന് സർക്കാരിനുള്ളിൽ നിന്നുതന്നെ ഇതേ ആവശ്യം ഉയർന്നു കഴിഞ്ഞു. ~~[illegible]~~ പി. ചിദംബരം, ജയന്തി നടരാജൻ എന്നീ തമിഴ്നാട്ടുകാരായ മന്ത്രിമാരാണ് ഇതിൽ പ്രമുഖർ. തമിഴരുടെ വികാരം മാനിക്കണം എന്നാണ് ഇവർ പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇത്രയൊക്കെ പ്രശ്നങ്ങൾ ഉള്ളതുകൊണ്ടുതന്നെ, 'ചോഗം' സമ്മേളനത്തിൽ പ്രധാനമന്ത്രിയോ, മറ്റ് മന്ത്രിമാരോ പങ്കെടുക്കുമോ എന്ന കാര്യത്തിൽ സർക്കാരിന് ഇതുവരെ ഒരു തീരുമാനം എടുക്കുവാൻ കഴിഞ്ഞിട്ടില്ല.

## എന്താണ് കോമൺവെൽത്ത്?

ഒരിക്കൽ, സൂര്യനസ്തമിക്കാത്ത സാമ്രാജ്യമായ ബ്രിട്ടന്റെ കോളനികളായിരുന്ന 53 സ്വതന്ത്ര റിപ്പബ്ലിക്കുകളുടെ കൂട്ടായ്മയാണ് കോമൺവെൽത്ത്. ഈ രാജ്യങ്ങളിലെ മനുഷ്യാവകാശ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും, പുരോഗതിക്കായി പരസ്പരം കൈകോർക്കാനുമാണ് ഈ സംഘടന രൂപം കൊണ്ടത്. രണ്ട് വർഷത്തിലൊരിക്കൽ രാഷ്ട്ര-

തലവൻമാരോ, മുതിർന്ന സർക്കാർ പ്രതിനിധികളോ മുൻകൂട്ടി നിശ്ചയിച്ച തന്ത്രങ്ങൾ രൂപീകരിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യുന്നു. കഴിഞ്ഞ തവണ, 2011ൽ, ആസ്ട്രേലിയയിലെ പെർത്തിൽ വച്ചായിരുന്നു കൂടിക്കാഴ്ച. ഇതിന്റെ തുടർച്ചയായാണ് 23-ാമത് 'യോഗം' ഇത്തവണ ശ്രീലങ്കയിലെ കൊളംബോയിൽ നടക്കുന്നത്.

രാഷ്ട്രത്തലവന്മാരുടെ യോഗങ്ങൾക്കും സ്വകാര്യ കൂടിക്കാഴ്ചകൾക്കും പുറമെ, മന്ത്രിതല യോഗങ്ങളും കോൺഫെറൻസ് ~~മീറ്റിംഗിന്റെ~~ മീറ്റിന്റെ ഭാഗമായി നടക്കാറുണ്ട്. പലപ്പോഴും ചില രാഷ്ട്രത്തലവന്മാർക്കും മീറ്റിൽ പങ്കെടുക്കാൻ കഴിയണമെന്നില്ല. ഉദാഹരണത്തിന്, ബ്രിട്ടന്റെ പരമാധികാരി എലിസബത്ത് രാജ്ഞിക്ക് ഈ വർഷം അനാരോഗ്യം മൂലം പങ്കെടുക്കാൻ കഴിയില്ല. അത് സ്വാഭാവികം. പക്ഷെ, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഡോ: മൻമോഹൻ സിംഗിന്റെ അസാന്നിധ്യം, അങ്ങനെയൊരു തീരുമാനം അദ്ദേഹം കൈക്കൊണ്ടാൽ, ഏറ്റവുമധികം ശ്രദ്ധിക്കപ്പെടും. കാനഡ സമ്മേളനത്തിൽ പങ്കെടുക്കില്ല എന്ന് നേരത്തെ അറിയിച്ചിട്ടുണ്ട്; പങ്കെടുത്തെങ്കിലും ശക്തമായ പ്രതിഷേധം അറിയിക്കും എന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കാമറൂണും. ഈ പ്രതിഷേധങ്ങളൊക്കെ ലങ്കയിൽ നടന്ന മനുഷ്യാവകാശലംഘനങ്ങൾക്കെതിരെയുള്ളവയാണ്. എങ്കിലും, ലോകം ഉറ്റുനോക്കുന്നത് ഇന്ത്യയുടെ തീരുമാനം എന്താകും എന്നതായിരിക്കും.

എന്തുകൊണ്ട് ഇന്ത്യ പങ്കെടുക്കണം?

കേവലം സങ്കുചിത രാഷ്ട്രീയ ലാഭത്തിനുവേണ്ടിയുള്ള നിലപാടുകളല്ല ഒരു രാഷ്ട്രത്തിന്റെ അന്താരാഷ്ട്രീയ നയങ്ങളെ രൂപപ്പെടുത്തേണ്ടത്. തമിഴ്നാടിന്റെ പ്രതിഷേധങ്ങൾക്ക് അതിന്റേതായ രാഷ്ട്രീയമാനങ്ങളുണ്ടുതാനും. അവിടുത്തെ രാഷ്ട്രീയപാർട്ടികൾക്ക് ഇത്തരം പ്രതിഷേധങ്ങൾ കൂടിയേ തീരൂ; പ്രത്യേകിച്ചും പൊതു—

തെരഞ്ഞെടുപ്പ് അടുത്തു വരുന്ന ഘട്ടത്തിൽ. പക്ഷേ, ഒരു ഉത്തരവാദിത്തപ്പെട്ട രാഷ്ട്രമെന്ന നിലക്ക് ഇന്ത്യ അന്തർദേശീയ ബന്ധങ്ങളെ എന്നും വിലമതിക്കുന്നു. അതനുസരിച്ചാകണം ഇന്ത്യയുടെ നിലപാടുകളും.

ഏഷ്യയിലെ ഒരു വൻ ശക്തിയായി ഉയർന്നുവരികയാണ്, അല്ലെങ്കിൽ ഒരു പരിധിവരെ ഉയർന്നുകഴിഞ്ഞു ഇന്ത്യ. ലോകരാഷ്ട്രങ്ങൾ ഇന്ത്യയെ ഒരു വൻശക്തി എന്ന നിലയിൽ നോക്കിക്കാണുവാൻ തുടങ്ങിയിരിക്കുന്ന ഈ ഘട്ടത്തിൽ നമുക്ക്, നമ്മുടെ തൊട്ടടുത്ത് കിടക്കുന്ന ഒരു കുഞ്ഞു-രാജ്യവുമായുള്ള പ്രശ്നങ്ങൾപോലും പരിഹരിക്കാൻ കഴിയുന്നില്ല എന്നൊരു ധാരണ ലോകത്തിനുമുമ്പിൽ സൃഷ്ടിക്കപ്പെട്ടാൽ? കേവലം പ്രാദേശിക-താൽപര്യമാണ് ഇന്ത്യയുടെ അന്താരാഷ്ട്രനയങ്ങളെ സ്വാധീനിക്കുന്നത് എന്നുവന്നാൽ? ഇന്ത്യയുടെ, 'സൂപ്പർ പവറി'ലേക്കുള്ള പ്രയാണത്തിന് അത് ~~ഒരു~~ വിഘ്നം വരുത്തുക തന്നെ ചെയ്യും.

ഒരു രാജ്യവുമായുള്ള മോശപ്പെട്ട ബന്ധം നന്നാക്കിയെടു-ക്കേണ്ടത് അവരെ ഒറ്റപ്പെടുത്തിയിട്ടല്ല; മറിച്ച്, അവരുമായി ക്രിയാത്മകമായി ഇടപെട്ടുകൊണ്ടാണ് എന്നത് രാജ്യശാസ്ത്രത്തിന്റെ അടിസ്ഥാന ശിലകളിലൊന്നാണ്. ~~കഴിഞ്ഞ~~ ഈ വർഷം മാർച്ചുമാസത്തിൽ യു.എൻ. മനുഷ്യാവകാശ കൗൺസിലിൽ ശ്രീലങ്കയെ എതിർത്തു കൊണ്ട് ഇന്ത്യ വോട്ടുചെയ്തതുമുതൽ അവരുമായുള്ള ബന്ധം കൂടുതൽ വഷളായി. മനുഷ്യാവകാശധ്വംസനങ്ങളെ ഇന്ത്യ മറക്കണമെന്നല്ല പറഞ്ഞുവരുന്നത്; മറിച്ച് സൗഹൃദം സ്ഥാപിച്ച് നമുക്കനുയോജ്യമായ ഒരു സാഹചര്യം സൃഷ്ടിക്കാനാണ് നാം ശ്രമിക്കേണ്ടത്.

ഇന്ത്യാ-ശ്രീലങ്കൻ ബന്ധം വഷളായതിന്റെ തിക്തഫലം അനുഭവിക്കേണ്ടി വന്നത് പാവപ്പെട്ട മത്സ്യബന്ധന-തൊഴിലാളികളാണ്. നിരവധി ഇന്ത്യക്കാരായ മീൻപിടുത്തക്കാർ ഇന്ന് ശ്രീലങ്കൻ ജയിലിലുണ്ട്. ഇക്കഴിഞ്ഞ ദിവസം പോലും ശ്രീലങ്കൻ

നേവി ഇന്ത്യൻ മീൻപിടുത്തബോട്ടുകൾക്കെതിരെ വെടിയുതിർത്തു. ഇതൊക്കെ നടക്കുമ്പോഴും ഒരൊറ്റ ശ്രീലങ്കൻ മീൻപിടുത്തക്കാരും ഇന്ത്യൻ ജയിലുകളിൽ ഇല്ല എന്നത് മറ്റൊരു സത്യം. പക്ഷെ, യുദ്ധത്തിന്റെ പരിഹാരം മറ്റൊരു യുദ്ധമല്ല. അതുകൊണ്ടുതന്നെ, ഈ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം ഇന്ത്യ, ശ്രീലങ്കയുമായുള്ള നയതന്ത്രബന്ധം പഴയതുപോലെ ശക്തിപ്പെടുത്തുക എന്നതാണ്. ഇതിന് ചർച്ചകൾ ആവശ്യമാണ്. 'ചോഗം' ബഹിഷ്കരി-ക്കുന്നത് ഈ ചർച്ചകൾക്കുള്ള അവസരം ഇല്ലാതാക്കൽ കൂടിയാകും.

ഇതിനുപുറമെ, രാജ്യസുരക്ഷാപരമായി ശ്രീലങ്ക ഇന്ത്യക്ക് വളരെ തന്ത്രപ്രധാനമാണ്. ശ്രീലങ്കയുമായുള്ള ചൈനയുടെ ബന്ധവും, അവിടെ ചൈന നടത്തുന്ന അടിസ്ഥാനവികസനവും ഇന്ത്യക്ക് ഒരു പരിധിവരെ ആശങ്കാജനകമാണ്. ഒരിക്കൽ ലങ്കയിൽ ഒരു മിലിട്ടറി ബേസിന് ചൈന ശ്രമിക്കുന്നു എന്നുപോലും വാർത്തകൾ പുറത്തു വന്നിരുന്നു. അങ്ങനെയൊരു ഘട്ടം വന്നാൽ, ശ്രീലങ്കയുമായി മോശം ബന്ധമാണ് ഇന്ത്യക്കുള്ളതെങ്കിൽ അത് നമ്മുടെ രാജ്യസുരക്ഷയെത്തന്നെ ബാധിച്ചേക്കാം. 'ചോഗം' ബഹിഷ്കരിക്കുകവഴി ഇന്ത്യ ശ്രീലങ്കയെ അന്താരാഷ്ട്രതലത്തിൽ ഒറ്റപ്പെടുത്തിയാൽ, അത് ചൈനക്കും പാകിസ്ഥാനും ലങ്കയുമായി കൂടുതൽ അടുക്കാനുള്ള വഴിയിൽ തണലാകും.

ലങ്കയിലെ തമിഴ് വംശജർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇന്ത്യയുടെ ഉന്നതതലത്തിലുള്ള ഇടപെടൽ ഉണ്ടായേ പറ്റൂ. ലങ്കൻ ഭരണഘടനയുടെ 13-ാം ഭാഗം പ്രകാരം ജാഫ്ന അടക്കമുള്ള വടക്കൻ പ്രവിശ്യകൾക്ക് ഭരണ ആഭ്യന്തര സ്വാതന്ത്ര്യവും അനുവദിക്കുക എന്നതാണ് അവിടുത്തെ തമിഴരുടെ പ്രധാന ആവശ്യം.

അവിടുത്തെ തമിഴ് നേതാക്കളായ മുഖ്യമന്ത്രി സി.വി. വിഘ്നേശ്വരൻ ഇന്ത്യൻ പ്രധാനമന്ത്രിയോട് വടക്കൻ പ്രവിശ്യ സന്ദർശിക്കണം എന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത്തരുണത്തിൽ, ഇവിടെയുള്ളവർ നിഷ്ക്രിയകാരണങ്ങളാൽ പറയുന്ന കാരണങ്ങൾക്ക് ചെവികൊടുക്കാതെ, ലങ്കയിലെ തമിഴ് നേതാക്കളുടെ ക്ഷണം കൂടി സ്വീകരിച്ച് ഇന്ത്യയുടെ പ്രധാനമന്ത്രി ചോഗം സമ്മേളനത്തിൽ പങ്കെടുക്കണം. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉന്നതതലത്തിൽ സമ്മർദ്ദം ചെലുത്തണം. മനുഷ്യാവകാശധ്വംസന നടപടികൾ അവസാനിപ്പിക്കാൻ ലോകരാജ്യങ്ങളുടെ സാക്ഷിനിർത്തി ശ്രീലങ്കയോട് ആവശ്യപ്പെടണം.

പിൻതിരിയാൻ ആർക്കും സാധിക്കും; നേരിട്ടുകൊണ്ട്, മുന്നേറി, ക്രിയാത്മകമായി പ്രവർത്തിച്ച് വിജയം വരിക്കുന്നവരാണ് യഥാർത്ഥ വിജയികൾ. അടുത്ത വർഷം നടക്കുന്ന യു.എന്നിലെ മനുഷ്യാവകാശ കൗൺസിൽ ഹിയറിംഗിനുമുമ്പായി, ശ്രീലങ്കൻ പ്രസിഡന്റ് രാജപക്സെ ലോകത്തിന് നല്കിയ വാക്ക് — മനുഷ്യാവകാശലംഘനങ്ങൾ അന്വേഷിക്കുമെന്ന് — പാലിക്കപ്പെടാൻ ഇന്ത്യയുടെ സാന്നിധ്യവും, സ്വാധീനം ചെലുത്തലും സഹായിക്കുമെന്നത് നിസ്തർക്കമാണ്. അതും സ്ഥിരമായി മിത്രങ്ങളോ, ശത്രുക്കളോ അല്ല; രാജ്യതാല്പര്യമാണ് പ്രധാനം എന്ന ആപ്തവാക്യം ഇത്തരുണത്തിൽ സ്മരണീയമാണ്.